*24-06-2026*
*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

മി. സ്പീക്കർ: ഞാനൊരു വാക്ക് പറഞ്ഞോട്ടെ. നമ്മുടെ സഭ ഗൗരവമായി മുന്നോട്ടുപോകുമ്പോൾ ഇതിനകത്ത് ഉല്ലാസയാത്ര നടത്തുന്നതുപോലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഓളംവെട്ടി പോകുന്നത് ദയവായി ഒഴിവാക്കണം. പല പ്രാവശ്യം നമ്മളിത് പറഞ്ഞതാണ്. ഇനി പറയാൻ ഇടയാക്കരുത്. ഇനി ശ്രീമതി ഉമ തോമസ് പ്രൊസീഡ് ചെയ്തോളൂ.

(1) കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീമതി ഉമ തോമസ്: സർ, കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ ഇൻഫോപാർക്കുവരെ പതിനൊന്ന് സ്റ്റേഷനുകളോടെ 11.2 കിലോമീറ്റർ ദൂരം പൂർണ്ണമായും തൃക്കാക്കര നിയോജകമണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ പദ്ധതിക്കായി ഡി.പി.ആർ. സമർപ്പിച്ചത് 2019 ജനുവരി മാസത്തിലാണെങ്കിലും കോവിഡും മറ്റ് പല കാരണങ്ങളാലും 2022 നവംബറിൽ അനുമതി ലഭിച്ച ഈ രണ്ടാംഘട്ട മെട്രോ പ്രവർത്തനത്തിന് 1957.05 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ കൊച്ചി മെട്രോയുടെ ഒന്നാംഘട്ട പ്രവർത്തനം ആരംഭിക്കുമ്പോൾത്തന്നെ വളരെ ദീർഘവീക്ഷണത്തോടെ 22 റോഡുകൾ ബി.എം.&ബി.സി. നിലവാരത്തേക്കാൾ ഉയർന്ന നിലയിൽ വികസിപ്പിക്കുകയും നാല് പാലങ്ങൾ നിർമ്മിക്കുകയും ചെയ്തിരുന്നു. ഔട്ടർ റിങ് റോഡിൽനിന്നുപോലും എത്തുന്ന ജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകാത്ത രീതിയിൽ ഗതാഗതസൗകര്യം ഒരുക്കിക്കൊണ്ടാണ് അന്നത്തെ മെട്രോ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്. എന്നാൽ ഇന്ന് കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. ജനങ്ങൾക്ക് ബദൽ സംവിധാനമൊരുക്കുന്നതിനായി ഒരു സിംഗിൾ റോഡുപോലും സജ്ജമാക്കാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി എന്റെ നിയോജകമണ്ഡലത്തിൽ അതിരൂക്ഷമായ ഗതാഗതക്കുരുക്കാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, കിൻഫ്ര, CSEZ(Cochin

Special Economic Zone), കളക്ടേറ്റ് ഉൾപ്പെടെയുള്ള നിരവധി സ്ഥാപനങ്ങളിലേക്ക് എത്തുന്ന ആയിരക്കണക്കിന് ജീവനക്കാർ ജോലി ചെയ്യുന്ന ഈ പ്രദേശത്ത് യാത്ര ദുഷ്കരമായി മാറിയിരിക്കുകയാണ്. കാൽനടക്കാർക്കും വ്യാപാരി സമൂഹത്തിനും വിദ്യാർഥികൾക്കും രോഗികൾക്കും സാധാരണ ജനങ്ങൾക്കും വലിയ ബുദ്ധിമുട്ടാണ് നേരിടേണ്ടിവരുന്നത്. 'ആദ്യം കയ്പ്പും പിന്നെ മധുരിക്കും' എന്നും ' Patience today, comfort tomorrow' എന്ന ആപ്തവാക്യങ്ങളൊക്കെ സാധാരണ ജനങ്ങൾക്ക് സഹിക്കാവുന്നതിലേറെയായി മാറിക്കൊണ്ടിരിക്കുകയാണ്. രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചപ്പോൾത്തന്നെ മൂന്ന് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുമെന്ന് പരസ്യമായി പറഞ്ഞ മെട്രോ എം.ഡി., ഇപ്പോൾ 2027 നവംബർ മാസത്തോടെ പൂർത്തീകരിക്കുമെന്നാണ് പറയുന്നത്. ഇത്രയും കാലതാമസം സംഭവിക്കുന്നതിനുള്ള കാരണം എന്താണെന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ അടിയന്തര ഇടപെടലും അന്വേഷണവും ആവശ്യമാണ്. 2026 മേയ് 31-ലെ കണക്കുപ്രകാരം മുപ്പത്തിയെട്ട് ശതമാനം ഫിസിക്കൽ പ്രോഗ്രസ് മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്നത്തെ സ്ഥിതിയിൽ അതിൽ ചിലപ്പോൾ ഒന്നോരണ്ടോ ശതമാനം വർധനവുണ്ടായിരിക്കാം. കൂറ്റൻ ബാരിക്കേഡുകൾ റോഡിലുടനീളം സ്ഥാപിച്ചിരിക്കുന്നതിനാൽ കാൽനടക്കാർക്ക് ഒരു മരുന്ന് വാങ്ങാൻപോലും റോഡ് മുറിച്ചുകടക്കാൻ സാധിക്കുന്നില്ല. കുഞ്ഞുമക്കളെയൊക്കെ സ്കൂളിൽ വിടാനായി മുത്തശ്ശിമാരും മുത്തച്ഛന്മാരുമൊക്കെ കിലോമീറ്ററുകളോളം അധികദൂരം സഞ്ചരിച്ച് യു-ടേൺ എടുത്താണ് ഇവിടെ യാത്ര ചെയ്യുന്നത്. ഇവിടെ ബസ്സുകൾക്ക് സ്റ്റോപ്പിൽ നിർത്താനാകുന്നില്ല, ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് യാത്രക്കാരെ ലഭിക്കുന്നില്ല. കച്ചവടക്കാർക്ക് സാമഗ്രികൾ സ്റ്റോക്ക് ചെയ്യാനോ ക്രയവിക്രയം നടത്താനോ വലിയ ബുദ്ധിമുട്ടാണ് അനുഭവപ്പെടുന്നത്. കച്ചവട സ്ഥാപനങ്ങൾ പലതും തുറക്കുന്നില്ല. മറ്റ് വകുപ്പുകളുമായുള്ള ഏകോപനമില്ലായ്മമൂലം പൈലിങ് ജോലികൾ നടത്തുമ്പോൾ കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതും വൈദ്യുതിലൈനുകൾ വിച്ഛേദിക്കപ്പെടുന്നതുമൊക്കെ പതിവായി മാറിയിരിക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പല ഭാഗങ്ങളിലും റോഡുകൾ ഇടുങ്ങിയിരിക്കുകയാണ്. ചില സ്ഥലങ്ങളിൽ നടപ്പാതകൾ തകർന്നതും സ്ലാബുകൾക്ക്

കേടുപാടുകൾ സംഭവിച്ചതും കാരണം കാൽനടയാത്രക്കാർക്കുപോലും സുരക്ഷിതമായി സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഗതാഗതകുരുക്ക് രൂക്ഷമായതിനാൽ ഇരുചക്രവാഹന യാത്രക്കാർ അപകടസാധ്യതപോലും അവഗണിച്ച് ഡ്രെയിനേജ് സ്ലാബുകളിലൂടെയും ഇടുങ്ങിയ വഴികളിലൂടെയുമാണ് യാത്ര ചെയ്തുകൊണ്ടിരിക്കുന്നത്. അതോടൊപ്പം പദ്ധതിയുടെ നടത്തിപ്പിലും മേൽനോട്ടത്തിലുമുള്ള കാര്യക്ഷമതക്കുറവ് പൊതുസമൂഹത്തിൽ ആശങ്കയുണർത്തുന്നുണ്ട്. ഉന്നതപദവി അലങ്കരിക്കുന്ന പല ഉദ്യോഗസ്ഥരും മെട്രോയിലോ റെയിൽവേയിലോ യാതൊരു പരിചയവുമില്ലാത്തവരാണെന്ന് വ്യാപകമായ പരാതിയുണ്ട്. ജനങ്ങളുടെ സുരക്ഷ ചോദ്യചിഹ്നമാകുന്ന ഇത്തരം നിയമനങ്ങളിൽ സർക്കാർ സമുചിതമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. ഇളംകുളം മെട്രോ സ്റ്റേഷനിൽ കോൺക്രീറ്റ് പാളികൾ അടർന്നുവീഴുന്നതായി പരാതി ലഭിച്ചിട്ട് ഏതാണ്ട് രണ്ടുവർഷത്തോളമായിട്ടും യാതൊരു പരിഹാരവും ഇതുവരെ നടത്തിയിട്ടില്ല. കൊച്ചി വാട്ടർ മെട്രോയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പ്രവൃത്തികളിലും വളരെ കാലതാമസം നേരിട്ടുകൊണ്ടിരിക്കുകയാണ്. ധാരാളം യാത്രക്കാർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന എന്റെ മണ്ഡലത്തിലെ ആറാട്ടുകടവ് ബോട്ടുജെട്ടിയും തുതിയൂർ ബോട്ടുജെട്ടിയുമൊക്കെ കൊച്ചി വാട്ടർ മെട്രോയുടെ സർവീസ് ആരംഭിച്ചതിനുശേഷം നോക്കുകുത്തികളായി മാറിയിരിക്കുകയാണ്. ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ സർവീസ് നിർത്തുകയും കൊച്ചി വാട്ടർ മെട്രോയ്ക്ക് ടെർമിനൽ ഇല്ലാത്തതും കാരണം ഈ പ്രദേശത്തുള്ള യാത്രക്കാർ വളരെ ദുരിതത്തിലായിരിക്കുകയാണ്. യാത്രക്കാരുടെ ഈ വിഷയം അനുഭാവപൂർവമായി പരിഹരിച്ചുനൽകണമെന്ന് താഴ്മയായി അഭ്യർത്ഥിക്കുകയാണ്.

തൃക്കാക്കരയിൽ ടൗൺഷിപ്പ് നിർമ്മിക്കുമെന്ന് പറഞ്ഞ് എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ ഒരു പ്രദേശമാകെ കെ.എം.ആർ.എൽ.-ന് നൽകിയിട്ട് ഇന്നുവരെ ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. ഈ പ്രദേശത്തെ അമ്പാടിമൂല എന്നറിയപ്പെടുന്ന സ്ഥലം സമീപവാസികളായ കുട്ടികൾ കളിസ്ഥലമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗ്രൗണ്ട് നവീകരണത്തിനായി ഈ കളിസ്ഥലം ആവശ്യപ്പെട്ടിട്ടുപോലും മെട്രോ അത് അനുവദിച്ചില്ല. ഇന്നത്തെ കാലഘട്ടത്തിൽ ലഹരി ഉപയോഗത്തിൽനിന്നും കുട്ടികളെ പിന്തിരിപ്പിക്കാനായി

ആരോഗ്യകരമായ കളിസ്ഥലങ്ങൾ, കായികയിനങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നാണ് സാധാരണ ജനങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ,.....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി ഉമ തോമസ്: സർ, അതിനുപോലും വിലങ്ങുതടിയായാണ് ഇപ്പോൾ KMRL പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ മെട്രോയുടെ മേൽനോട്ടത്തിൽ നടക്കുന്ന എന്റെ മണ്ഡലത്തിലെ ബണ്ട് റോഡിന്റെ പ്രവർത്തനവും അനന്തമായി നീളുകയാണ്. ഇതിനേക്കാളേറെ എന്നെ ഭയപ്പെടുത്തുന്ന മറ്റൊരു വിഷയമുണ്ട്. മെട്രോയുടെ അവസാനത്തെ സ്റ്റേഷനായ സ്മാർട്ട് സിറ്റിയിൽ സ്റ്റേഷനുവേണ്ട സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ലെന്നാണ് കഴിഞ്ഞ ദിവസം മെട്രോയുടെ എം.ഡി. പറയുകയുണ്ടായത്. ഇക്കാര്യത്തിലെല്ലാം അടിയന്തരമായ ഇടപെടലുണ്ടാകണം, സർക്കാർ ഇത് പരിഹരിച്ചുനൽകണം. കാലതാമസം നേരിടുന്ന ഈ പ്രവൃത്തിയെപ്പറ്റിയെല്ലാം അന്വേഷണം നടത്തി, സമയബന്ധിതമായി പ്രസ്തുത പ്രവർത്തനം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് തൃക്കാക്കരയിലെ സാധാരണ ജനങ്ങൾക്കുവേണ്ടി ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കൊച്ചി മെട്രോ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീമതി ഉമ തോമസ് ഉന്നയിച്ച ആശങ്കകൾ സർക്കാർ വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. കൊച്ചി മെട്രോയുടെ ഒന്നാംഘട്ട നിർമ്മാണ കാലഘട്ടത്തിലുണ്ടായ മുന്നൊരുക്കങ്ങൾ രണ്ടാംഘട്ട നിർമ്മാണത്തിലുണ്ടായിട്ടില്ല. ഒന്നാംഘട്ട നിർമ്മാണത്തിന്റെ മുന്നൊരുക്കങ്ങളായി 22 റോഡുകൾ ഉന്നത നിലവാരത്തിൽ വീതി കൂട്ടിയതിനുശേഷമാണ് കൊച്ചി നഗരത്തിന്റെ നടുവിലൂടെ ആലുവ വരെ പോയിരുന്ന ആ നിർമ്മാണ പ്രവർത്തനം നടത്തിയത്. ഏറ്റവും കൂടുതൽ ട്രാഫിക്കുള്ള ജില്ലയുടെ ആസ്ഥാനമെന്നതന്നെ വിശേഷിപ്പിക്കപ്പെടാൻ കഴിയുന്ന കളക്ടറേറ്റ് ഉൾപ്പെടെയുള്ള ഭരണസംവിധാനങ്ങളുള്ള കാക്കനാട്- തൃക്കാക്കര ഭാഗത്തേയ്ക്ക് ഇത് പണിയുമ്പോൾ ഒരുതരത്തിലുള്ള മുന്നൊരുക്കങ്ങളും നടത്തിയിട്ടില്ല. ഞാൻ ആ റോഡിലൂടെ നിരന്തരമായി യാത്ര ചെയ്ത് പല പ്രാവശ്യം ഒന്നുംരണ്ടും മണിക്കൂർ ഗതാഗത സ്തംഭനത്തിൽപ്പെട്ടിട്ടുള്ള

ഒരാളായതുകൊണ്ട് എനിക്ക് വിശദമായി ആ വിഷയങ്ങളറിയാം. ഇവിടെ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ഉത്കണ്ഠ വളരെ ഗൗരവത്തോടുകൂടിയാണ് നോക്കിക്കാണുന്നത്. മാത്രമല്ല, രണ്ടാംഘട്ട നിർമ്മാണം വളരെ മന്ദഗതിയിലാണ് പോകുന്നത്. വീണ്ടും സമയം നീട്ടി നൽകിയിരിക്കുകയാണ്. വളരെ കുറച്ച് നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ ഇപ്പോഴും നടന്നിട്ടുള്ളൂ. വലിയൊരു ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാനുണ്ട്. പരിമിതമായ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പരമാവധി ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. കൂടുതൽ ട്രാഫിക് വാർഡന്മാരെയും പോലീസുകാരെയും അവിടെ വിന്യസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും. അതുപോലെ പരിമിതിയിൽനിന്നുകൊണ്ട് റോഡുകൾ പരമാവധി വീതി കൂട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തും. പ്രധാന റോഡുകളുടെ വാഹനത്തിരക്കുകൾ കുറയ്ക്കുന്നതിനായി സമാന്തരമായി ബദൽ റോഡുകൾ ഉപയോഗിക്കുന്നതിനുള്ള നിർദേശങ്ങൾ, വഴിതിരിച്ചുവിടൽ വിവരങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ ഗൗരവമായി ചെയ്യും. ബദൽ റോഡുകളുടെ നവീകരണത്തിനായി 7.5 കോടി രൂപ അനുവദിക്കണമെന്ന KMRL-ന്റെ അപേക്ഷ ഇപ്പോൾ സർക്കാരിന്റെ പരിഗണയിലാണ്. നേരത്തെ സർക്കാർ അതിന് തീരുമാനമെടുത്തിട്ടില്ല. മഴക്കാലം കണക്കിലെടുത്ത് റോഡുകളിൽ വെള്ളക്കെട്ടുണ്ടാകാതിരിക്കാനുള്ള ഓടകൾ വൃത്തിയാക്കലിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതുണ്ട്. ചില സുരക്ഷാ വീഴ്ചകളുണ്ടായ സാഹചര്യങ്ങൾ പരിഗണിച്ച് നിലവിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്. സുരക്ഷാകാര്യങ്ങളിൽ വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരായി കർശനമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മെട്രോ നിർമ്മാണമേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിനായി നിലവിൽ KMRL-ൽ പ്രത്യേക സുരക്ഷാവിഭാഗം പ്രവർത്തിക്കുന്നുണ്ട്. അത് സർക്കാരിന്റെ ഭാഗത്തുനിന്നും നിരീക്ഷിക്കും. സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനുവേണ്ടിയിട്ടുള്ള പ്രത്യേക നിർദേശങ്ങൾ കൊടുക്കും. നിർമ്മാണ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാകണം. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ട്രാഫിക്ക് പോലീസ്, ബി.എസ്.എൻ.എൽ., പി.ഡബ്ല്യൂ.ഡി. തുടങ്ങി

വിവിധ വകുപ്പുകളുമായി ജില്ലാ കളക്ടറുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ കൂടിയാലോചനകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി ഇനി നിശ്ചയിക്കുന്ന സമയം, നേരത്തെ നിശ്ചയിച്ച സമയമല്ല. സമയബന്ധിതമായി മെട്രോ രണ്ടാംഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനും നിർമ്മാണവേളയിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും പരമാവധി നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നതാണ്.

ശ്രീമതി ഉമ തോമസ്: സർ, ഇതുമായി ബന്ധപ്പെട്ട് നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥരുടെ ക്രെഡിബിലിറ്റി സംബന്ധിച്ചുകൂടി അന്വേഷണം നടത്തുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, സമയബന്ധിതമായി ആ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിനാവശ്യമായ എല്ലാ ഭരണ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കും. കാര്യം മനസ്സിലായി ഞാനത് പറയുന്നില്ല, അതുൾപ്പെടെയുള്ള എല്ലാകാര്യങ്ങളും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(2) റോഡ് നിർമ്മാണ പ്രവൃത്തികളിലെ പ്രതിസന്ധി

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന ചരിത്രത്തിൽ റോഡ് വികസനത്തിന് അതീവപ്രാധാന്യമുണ്ട്. ഇത് കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിന്റെ കേന്ദ്രബിന്ദുമായി റോഡ് അടിസ്ഥാന സൗകര്യ വികസനം ഉയർത്തിപ്പിടിക്കപ്പെട്ടത്. ഈ സർക്കാരും റോഡ് വികസനത്തിന്റെ കാര്യത്തിൽ ആ ഗൗരവത്തിൽത്തന്നെ മുന്നോട്ടുപോകുമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. റോഡുകൾ വെറും കോൺക്രീറ്റും ടാറുംകൊണ്ടുള്ള നിർമ്മിതികളല്ല. അതൊരു സമൂഹത്തിന്റെ സാമ്പത്തിക ഉയർച്ചയുടെയും സാമൂഹിക പുരോഗതിയുടെയും വികസന നിലവാരത്തിന്റെയും പ്രതിഫലനമാണ്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളടക്കം നൂറുകണക്കിന് റോഡുകളുടെ വികസന പദ്ധതികൾ പാതിവഴിയിൽ നിലച്ചിരിക്കുന്ന അതീവഗുരുതര സ്ഥിതിയാണുള്ളത്.

വികസനത്തിന്റെ പേരിൽ ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത് ജനങ്ങളുടെ ദൈനംദിന ജീവിതത്തെയും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുകയാണ്. റോഡുകൾ പൊളിച്ചിട്ടിട്ട് നിർമ്മാണം പൂർത്തിയാക്കാതെ മാസങ്ങളോളമായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്ന അവസ്ഥയിലാണ്. ഇതിന്റെ ഫലമായി വിദ്യാർഥികൾക്കും തൊഴിലാളികൾക്കും രോഗികൾക്കും സാധാരണ ജനങ്ങൾക്കും യാത്ര ദുരിതപൂർണ്ണമായി മാറിയിരിക്കുകയാണ്. പൊടിശല്യം, ഗതാഗതക്കുരുക്ക്, അപകടങ്ങൾ, മഴക്കാലത്തെ ചെളിക്കുണ്ടുകൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവ് വർധനവ് എന്നിവയെല്ലാം ജനജീവിതത്തെ സാരമായി ബാധിക്കുന്നുവെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചതിന്റെ പ്രധാന കാരണമായി, ടാറിന്റെ ലഭ്യതക്കുറവും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവുമൊക്കെ കരാറുകാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ബിറ്റുമിൻ അഥവാ ടാർ ആവശ്യത്തിന് ലഭിക്കുന്നില്ലെന്നും ലഭിക്കുന്നതിൽതന്നെ മുൻപ് ടെൻഡറെടുത്ത സമയത്തെ അപേക്ഷിച്ച് വില ഗണ്യമായി വർധിച്ചിട്ടുണ്ടെന്നും കരാറുകാർ പറയുന്നു. പഴയ നിരക്കുകളിൽ ഏറ്റെടുത്ത പ്രവൃത്തികൾ നിലവിലെ സാഹചര്യത്തിൽ പൂർത്തിയാക്കുന്നത് സാമ്പത്തികമായി പ്രയാസമുണ്ടാക്കുമെന്നാണ് കരാറുകാർ വാദിക്കുന്നത്. നികുതിപ്പണം ചെലവഴിച്ച് ആരംഭിച്ച പദ്ധതികൾ അനിശ്ചിതത്വത്തിൽ തുടരുന്നത് പൊതുധനത്തിന്റെ ഫലപ്രദമായ വിനിയോഗത്തെക്കുറിച്ച് ചോദ്യങ്ങളുയർത്തുകയാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടത് സർക്കാരിന്റെയും വകുപ്പുകളുടെയും ഉത്തരവാദിത്വമാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് മികച്ച റോഡ് ശൃംഖല അനിവാര്യമായതിനാൽ നിലച്ചുപോയ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും നിലവിലെ സ്ഥിതി ജനങ്ങൾക്കുമുമ്പിൽ വ്യക്തമാക്കുകയും അത് അടിയന്തരമായി പൂർത്തിയാക്കുകയും വേണം. സാമ്പത്തികവും ഭരണപരവുമായ തടസ്സങ്ങൾ അടിയന്തരമായി പരിഹരിച്ച് പ്രവൃത്തികൾ പുനരാരംഭിക്കാനും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാനുമുള്ള അടിയന്തര ഇടപെടലുകളുണ്ടാകണം. ആഗോള സംഘർഷങ്ങളും യുദ്ധസാഹചര്യങ്ങളുംമൂലം ക്രൂഡ്ഓയിൽ വിലയിലും ബിറ്റുമിൻ

*24-06-2026*
*Calling Attention*

വിലയിലും വർധനവുണ്ടാകുന്ന വാദം ഉയരുന്നുണ്ട്. അത് വർധിച്ചിട്ടുണ്ടെങ്കിൽ സർക്കാർ മാറി നിൽക്കാതെ ഇത്തരം അസാധാരണ സാഹചര്യങ്ങളിൽ ഇടപെടുകയും ജനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം തടസ്സപ്പെടാതെ ഉറപ്പാക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കണം. ബിറ്റുമിന്റെ വില ഉറപ്പാക്കാൻ കേന്ദ്ര സർക്കാരുമായോ പൊതുമേഖലാ സ്ഥാപനങ്ങളുമായോ ചർച്ച നടത്തിയിട്ടുണ്ടോയെന്ന് അറിയില്ല. അത്തരം കാര്യങ്ങൾ അനിവാര്യമായിരുന്നു. ബിറ്റുമിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ, പൊതുമേഖലാ എണ്ണക്കമ്പനികൾ എന്നിവയുമായി പ്രത്യേകമായി ഏകോപനം നടത്തുകയും ഇവയുടെ വില വർധനവ് കണക്കിലെടുത്ത് കരാറുകളുടെ നിരക്കുകൾ യാഥാർഥ്യബോധത്തോടെ പുനഃപരിശോധിക്കുകയും വേണം. പാതിവഴിയിൽ നിലച്ചുപോയ പ്രവൃത്തികൾക്കായി പ്രത്യേകമായ സംവിധാനങ്ങളുണ്ടാക്കണം. സംസ്ഥാനത്തെ റോഡ് വികസന പദ്ധതികൾക്കാവശ്യമായ ബിറ്റുമിൻ ലഭ്യത ഉറപ്പാക്കുന്നതിനും വസ്തുക്കളുടെ വില വർധനവ് അടിസ്ഥാനമാക്കിയ യുക്തിസഹമായ നിരക്ക് പുനഃപരിശോധിക്കുന്നതിനും അടിയന്തരമായി ഇടപെടണം. യുദ്ധം നടക്കുന്ന ഭരണകൂടങ്ങളിൽപ്പോലും അവർ അടിസ്ഥാനസൗകര്യ വികസനം സംരക്ഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതായി മനസ്സിലാക്കുമ്പോൾ നമ്മൾ കേരളത്തിൽ, യുദ്ധത്തെ കാരണമായി പറഞ്ഞ് റോഡ് നിർമ്മാണം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. ജനങ്ങളുടെ ക്ഷമയെ പരീക്ഷിക്കുന്ന തരത്തിൽ പലയിടങ്ങളിലും ഈ പ്രശ്നം മാറുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ റോഡുകൾ വികസനത്തിന്റെ സൂചിക മാത്രമല്ല, ജനങ്ങളുടെ അവകാശംകൂടിയാണ്. അതിനാൽ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട എല്ലാ റോഡുകളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ സർക്കാർ പുറത്തുവിടണം. ഏതെല്ലാം പ്രവൃത്തികൾ എത്ര ശതമാനം പൂർത്തിയായി; എത്ര തുക അനുവദിച്ചു; എത്ര കുടിശ്ശിക; എപ്പോഴാണ് നിർമ്മാണം പുനഃരാരംഭിക്കുന്നത്; പൂർത്തിയാക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ വ്യക്തതയുണ്ടാവണം. ഓരോ ദിവസവും നിർമ്മാണം വൈകുന്നത് പൊതുധനനഷ്ടത്തിനും ജനങ്ങളുടെ ദുരിതം വർധിപ്പിക്കുന്നതിനും മാത്രമാണ് വഴിയൊരുക്കുന്നത്. ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. യുദ്ധം ഇറാനിലും ഇസ്രായേലിലും നടക്കുകയാണ്. എന്നാൽ കുഴി

കോട്ടയത്തും ചേർത്തലയിലും കാസർഗോഡും രൂപപ്പെട്ട തരത്തിലേയ്ക്കാണ് കാര്യങ്ങൾ വരുന്നത്. നമ്മുടെ സർക്കാരിന് യുദ്ധം തടയാൻ സാധിക്കുകയില്ല. എന്നാൽ യുദ്ധത്തിന്റെ ആഘാതം കേരളത്തിലെ ജനങ്ങളിലേക്ക് പടരാതിരിക്കാൻ സർക്കാരിന് ഇടപെടാൻ കഴിയും. അതുകൊണ്ട് സംസ്ഥാനത്ത് പാതിവഴിയിൽ നിലച്ചിരിക്കുന്ന പി.ഡബ്ല്യൂ.ഡി. റോഡ് ഉൾപ്പെടെയുള്ള എല്ലാ റോഡ് വികസന പദ്ധതികളും അടിയന്തരമായി പുനരാരംഭിക്കുന്നതിനും നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതിനുമായി അടിയന്തര ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട മുൻ മന്ത്രിയും നിയമസഭാംഗവുമായ ശ്രീ. പി. പ്രസാദ് എം.എൽ.എ. ഇവിടെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ കണ്ടാൽ തോന്നും കേരളത്തിൽ എല്ലായിടത്തും നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭിച്ചത്... നമ്മളിപ്പോൾ അധികാരത്തിൽ വന്നിട്ട് ഒരു മാസവും മൂന്ന് ദിവസവുമേ ആയിട്ടുള്ളൂ. അതുകൊണ്ടാണെന്ന് തോന്നും. ഇവിടെ കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടുള്ള ഗവൺമെന്റിന്റെ തുടർച്ചയാണ്, അന്ന് എല്ലാ ജില്ലകളിലേയും ലിസ്റ്റ് വാങ്ങിവച്ച് പരിശോധിച്ചാൽ പോരായിരുന്നോ, ഇതിപ്പോൾ വന്നിട്ട് ഒരു മാസമേ ആയിട്ടുള്ളൂ. ഇവിടെ നിർമ്മാണപ്രവർത്തനങ്ങളൊന്നും സ്തംഭിച്ചിട്ടില്ല. കേരളത്തിലെ കാലാവസ്ഥ നമുക്കെല്ലാപേർക്കുമറിയാം. മഴക്കാലമായാൽ ടാറിങ് ജോലികൾ നടക്കില്ല, ഇനി അഥവാ പാച്ച് വർക്ക് നടത്തിയാൽപോലും നാട്ടുകാർ സമ്മതിക്കില്ല. ഇനി ടാറിങ് നടത്തിയെന്നിരിക്കട്ടെ, അതുകഴിഞ്ഞ് മൂന്നാം നാൾ മഴപെയ്ത് ടാറിങ് ഒലിച്ചുപോയാൽ പിന്നെ മീഡിയയും പത്രങ്ങളും ജനപ്രതിനിധികളും പ്രസ്തുത പ്രവൃത്തിയിൽ അഴിമതി ആരോപിക്കും. മുൻ കാലങ്ങളിലൊക്കെ, ബഹുമാനപ്പെട്ട പി. എ. മുഹമ്മദ് റിയാസ് പൊതുമാരാമത്ത് വകുപ്പ് മന്ത്രിയായിരിക്കുമ്പോൾ മൺസൂൺ കഴിഞ്ഞതിനുശേഷം ഒക്ടോബർ മാസത്തിൽ മാത്രമേ റീ-ടാറിങ് പ്രവൃത്തികൾ ആരംഭിക്കാൻ പാടുള്ളൂവെന്നാണ് പൊതുമരാമത്ത് വകുപ്പിന് നൽകിയ നിർദേശം. ഫെബ്രുവരി 28-ന് ഇറാൻ യുദ്ധം ആരംഭിച്ചു. മേയ് 15 വരെ നിങ്ങളുടെ ഗവൺമെന്റാണ് ഭരിച്ചത്. അന്നൊന്നും ഈ വേരിയേഷനും വിലവർധനവും ആഗോളപ്രതിഭാസവുമൊന്നും നിങ്ങൾക്കാർക്കും അറിയില്ലായിരുന്നോ?

ഇവിടെ അത്തരമൊരു സ്തംഭനാവസ്ഥ ഉണ്ടായിട്ടില്ല. പക്ഷെ റോഡുകൾ നന്നാകുകയും നിർമ്മാണപ്രവർത്തനങ്ങൾ ഭംഗിയായി നടക്കുകയും വേണം. അക്കാര്യത്തിലൊന്നും ഗവൺമെന്റ് യാതൊരുവിധ അലംഭാവവും കാണിക്കില്ല. ബിറ്റുമിന്റെ കാര്യത്തിലാണ് ഇപ്പോൾ പ്രയാസം ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട അങ്ങ് കൃഷി വകുപ്പ് മന്ത്രിയായിരുന്നല്ലോ, ഒരു എഗ്രിമെന്റ് വച്ചാൽ പ്രസ്തുത എഗ്രിമെന്റിലെ റേറ്റ് പ്രകാരമാണ് ആ വർക്ക് നടക്കേണ്ടത്. രണ്ടാമത് അതിൽ വേരിയേഷൻ വരുത്തണമെങ്കിൽ, ഓരോ സമയത്തും വില കൂടുന്നതിനനുസരിച്ച് കോൺട്രാക്ടർക്ക് എല്ലാത്തിനും വില കൂട്ടാൻ കഴിയില്ല. ഒരു വർഷത്തേക്കുള്ള കോൺട്രാക്ടാണ് നൽകുന്നത്. ആ ഒരു വർഷത്തിൽ സംഭവിക്കാൻ സാധ്യതയുള്ള എല്ലാ കാര്യങ്ങളെയുംകുറിച്ചും ഗൃഹപാഠം നടത്തിയാണ് ടെൻഡർ ക്വാട്ട് ചെയ്യുന്നത്. കോവിഡ് കാലഘട്ടമായിരുന്ന 2021-ലേതുപോലെ അസാധാരണമായ സാഹചര്യങ്ങൾ ഉണ്ടാകാം. അത്തരമൊരു സാഹചര്യം ബിറ്റുമിന്റെ കാര്യത്തിലിപ്പോൾ ഉണ്ടായിട്ടുണ്ട്. 55000 രൂപ വിലയുണ്ടായിരുന്ന ബിറ്റുമിന്റെ വില കഴിഞ്ഞമാസം 1,04,000 രൂപയായി വർധിപ്പിച്ചിരുന്നു. എന്നാലിപ്പോൾ അതിന്റെ വില 88,000 രൂപയാണ്. ബിറ്റുമിന്റെ വിലയിൽ ഇത്തരത്തിൽ വേരിയേഷൻ സംഭവിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാരുൾപ്പെടെ പലരും ഈ പ്രശ്നം നമ്മുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പിനും ഫയൽ സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനെ മാത്രമല്ല പഞ്ചായത്തുകളെയും ജലസേചന വകുപ്പിനെയും കൂടി ബാധിക്കുന്ന വിഷയമാണിത്. അതിനാൽ അത് സംബന്ധിച്ച ഫയൽ സമർപ്പിച്ചിട്ടുണ്ട്. അടുത്ത മന്ത്രിസഭായോഗത്തിൽ അതിന് പരിഹാരമുണ്ടാകും. ബഹുമാനപ്പെട്ട മുൻ മന്ത്രി ഇങ്ങനെ പറയരുത്. ഞാൻ വന്നിട്ട് ഒരു മാസമേ ആയിട്ടുള്ളൂ. ഒന്ന് നിന്നിട്ടില്ല, അതെല്ലാം നല്ല രീതിയിൽ നടക്കുകയാണ്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ എന്തോ കുറ്റപ്പെടുത്തിയെന്ന ധാരണയിലാണ് അദ്ദേഹം തയ്യാറായിവരികയും സംസാരിക്കുകയും ചെയ്തത്. ഞാനെന്റെ പ്രസംഗത്തിൽ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

*24-06-2026*
*Calling Attention*

മി. സ്പീക്കർ: ശ്രീ. പി. പ്രസാദ്, ഒരു ചോദ്യം ചോദിക്കാവുന്നതാണ്. അങ്ങേക്ക് ഇതൊക്കെ അറിയാവുന്നതാണല്ലോ?

ശ്രീ. പി. പ്രസാദ്: സർ, അദ്ദേഹം പറഞ്ഞതിൽ തന്നെ ഞാൻ ഉദ്ദേശിച്ച കാര്യം വന്നു. യുദ്ധത്തിന്റെ പേരിൽ ബിറ്റുമിൻ ലഭ്യമല്ലെന്നും വിലക്കൂടുതലാണെന്നും പറഞ്ഞാണ് പലയിടങ്ങളിലും പ്രവൃത്തികൾ നിലച്ച മട്ടിലായിരിക്കുന്നത്. ഇത് ഒരിടത്തെ മാത്രമല്ല എല്ലായിടത്തെയും പ്രശ്നമാണ്. എല്ലാപേരും ഇക്കാര്യം ഉന്നയിക്കുന്നുണ്ടെന്ന് അദ്ദേഹംതന്നെ പറഞ്ഞു. മൺസൂൺകാലം കഴിഞ്ഞതിനുശേഷം ടാറിങ് നടത്തിയാൽ മതിയാകും. ഇക്കാര്യത്തിൽ സെൻട്രൽ പി.ഡബ്ല്യൂ.ഡി. ചെയ്തു പോലെ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ കഴിയുമോ; കോവിഡ് കാലത്തെക്കുറിച്ച് പറഞ്ഞതുപോലെ ഒരു ഇടപെടൽ നടത്താൻ സാധിക്കുമോ? ഒരു ഇടപെടൽ ഗവൺമെന്റ് നടത്തുന്നുവെന്ന് അദ്ദേഹം സൂചിപ്പിച്ചു. അത് തീവ്രഗതിയിൽ ആക്കാൻ സാധിക്കുമോ എന്നതാണെന്റെ ചോദ്യം.

ശ്രീ. പി. കെ. ബഷീർ: സർ, മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പിന്റെയും പരിഗണനയിലാണ് ആ വിഷയം. അടുത്ത കാബിനറ്റിൽ അത് വരും. അതിന് അനുകൂലമായ സാഹചര്യമുണ്ടാകും. യുദ്ധമുണ്ടായപ്പോൾ ഗൾഫ് രാജ്യങ്ങളിൽനിന്ന് ഇങ്ങോട്ടുള്ള വിമാനടിക്കറ്റ് നിരക്ക് 55,000 രൂപ മുതൽ 1,00,000 രൂപ വരെയാണ്. കേന്ദ്രഗവൺമെന്റ് സബ്സിഡി നൽകുകയോ ടിക്കറ്റ് നിരക്ക് വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്നില്ല. നമ്മൾ പ്രതിസന്ധി പരിഹരിച്ച് മാന്യമായ തീരുമാനമെടുക്കും. ഇക്കാര്യത്തിൽ ഇലയ്ക്കും മുള്ളിനും കേടില്ലാത്ത വിധത്തിലുള്ള തീരുമാനമുണ്ടാകും.